നീലേശ്വരം-എടത്തോട് പി.ഡബ്ല്യു.ഡി. റോഡിന്റെ പുനരുദ്ധാരണം

363 (1421) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ നീലേശ്വരം-എടത്തോട് പി.ഡബ്ല്യു.ഡി. റോഡിന്റെ 1-ാം റീച്ചിന്റെ പുനരുദ്ധാരണത്തിന് 3 കോടി രൂപ അനുവദിച്ചിരുന്നു എങ്കിലും ടെണ്ടർ നടപടി വിന്റോ പരസ്യം വഴി സ്വീകരിച്ചത് 3-ാം റീച്ച് എന്നാക്കി മാറ്റി വന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) റീച്ച് മാറ്റി ഉത്തരവാകാൻ ഉദ്യോഗസ്ഥതലത്തിൽ നടത്തിയ നീക്കത്തിനെതിരെ എം.എൽ.എ. നൽകിയ നിവേദനം പരിഗണിക്കാതെ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടെണ്ടർ നടപടി സ്വീകരിച്ചതെന്ന് അറിയിക്കുമോ;

(സി) ഒരു മണ്ഡലത്തിൽ അനുവദിച്ച റോഡിനുള്ള തുക മറ്റൊരു മണ്ഡലത്തിലേക്ക് മാറ്റി കൊടുക്കാൻ എപ്പോഴാണ് പുതിയ ഉത്തരവ് ഇറക്കിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നീലേശ്വരം -എടത്തോട് റോഡ് കി.മീ. 0/000 മുതൽ 20/800 വരെയുള്ള പ്രവൃത്തിക്ക് 11-2-2014-ലെ സ.ഉ. (സാധാ)നമ്പർ 209/14/ പൊ.മ.വ. ഉത്തരവിലെ അനുബന്ധത്തിൽ 5 -ാം നമ്പരായി "Improvements to Neeleshwar-Edathodu road-Reach I" എന്ന പേരിൽ 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെ അവസാനഭാഗം എടത്തോട് മുതൽ വീതി കുറവായതിനാൽ അവിടെനിന്നും നീലേശ്വരം ഭാഗത്തേക്ക് പ്രവൃത്തി നടത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കി.മീ. 15/500 മുതൽ 20/800 വരെയുള്ള പ്രവൃത്തിക്ക് 450 ലക്ഷം രൂപയുടെ സാങ്കേതികാനുമതി 3-3-2014 -ലെ സി.ഇ/ആർ ആന്റ് ബി/കെഎസ്ഡി/ 2864 പ്രകാരം നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തിയുടെ പേര് വിന്റോ പരസ്യത്തിലും ഷെഡ്യൂളിലും "Improvements to Neeleshwar-Edathodu road Reach K.M15/800 to 20/800 (BM&BC) Kasargod District, എന്നാക്കുകയും ഇതേ പേരിൽത്തന്നെ റീ-ടെണ്ടറും നടത്തുകയുമുണ്ടായി. വിന്റോ പരസ്യത്തിൽ മൂന്നാം റീച്ച് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

(ബി&സി) പ്രസ്തുത റോഡിന്റെ അവസാന ഭാഗം എടത്തോടു മുതൽ വീതി കുറവായതിനാൽ അവിടെനിന്നും നീലേശ്വരം ഭാഗത്തേക്ക് പ്രവൃത്തി നടത്താൻ സർക്കാർ തലത്തിൽ തീരുമാനിക്കുകയായിരുന്നു. പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് നിയോജക മണ്ഡലം അടിസ്ഥാനമാക്കിയല്ല.

LIBRARY ARCHIVES Kerala Legislative Assembly